## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2633

19.03.2015 ൽ
മറുപടിയ്ക്കുണ്ടായിരുന്നത്

### പലിശയും പിഴപ്പലിശയും ഒഴിവാക്കൽ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.സി വിഷ്ണുനാഥ് | ശ്രീ. എ.പി. അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും വായ്പയെടുത്ത് ജപ്തി നടപടികൾ നേരിടുന്ന മത്സ്യത്തൊഴിലാളികൾക്ക് പലിശയും പിഴപ്പലിശയും ഒഴിവാക്കി മുതൽ തുക മാത്രം തവണകളായി തിരിച്ചടയ്ക്കുവാൻ നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; | (എ) സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും വായ്പയെടുത്ത് ജപ്തി നടപടി നേരിടുന്ന മത്സ്യത്തൊഴിലാളികൾക്ക്, കോർപ്പറേഷനിൽ 15-12-2014 മുതൽ 31-03-2015 വരെ നിലവിലുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ബാക്കിനിൽക്കുന്ന പിഴപ്പലിശയിൽ 100% ഇളവ് ലഭിക്കുന്നതാണ്. |
| (ബി) നൂറനാട് പടനിലം കിടങ്ങയം ജോൺ വിലാസത്തിൽ നെപ്പോളിയൻ ജോർജ്ജിന്റെ ലോൺ കുടിശ്ശിക തുക എഴുതിത്തള്ളുവാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ? | (ബി) നൂറനാട് പടനിലം കിടങ്ങയം ജോൺ വിലാസത്തിൽ നെപ്പോളിയൻ ജോർജ്ജിന് കോർപ്പറേഷന്റെ ആലപ്പുഴ ജില്ലാ ഓഫീസിൽ നിന്നും 03-01-2006-ൽ 040109261 നമ്പർ പ്രകാരം 50,000/- രൂപയുടെ വായ്പ നല്കിയിരുന്നു. ഇതിൽ 32,802/- രൂപയുടെ ഇളവ് നൽകുന്നതിന് മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ സർക്കാരിലേക്ക് ശുപാർശ ചെയ്തിട്ടുണ്ട്. സർക്കാർ ടി ശുപാർശ അംഗീകരിച്ച് തുക അനുവദിക്കുന്ന മുറയ്ക്ക് ടിയാൾക്ക് ആനുകൂല്യം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ